**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3763** | **11.11.2019-ൽ മറുപടിക്ക്** |
|---|---|

**വാളയാറിൽ രണ്ടു പെൺകുട്ടികൾ ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസ്**

| **ചോദ്യം**<br>**ശ്രീ. ഷാഫി പറമ്പിൽ**<br>**ശ്രീ. വി.പി.സജീന്ദ്രൻ**<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ. അൻവർ സാദത്ത്** | | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** | |
|---|---|---|---|
| (എ) | വാളയാറിൽ രണ്ടു പെൺകുട്ടികൾ ക്രൂരപീഡനത്തിന് വിധേയമായതിനെതുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസിൽ കോടതി പ്രതികളെ വെറുതെ വിട്ടത് പോലീസ് അന്വേഷണത്തിലുണ്ടായ വീഴ്ച കാരണമാണ് എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇത്തരമൊരു ആക്ഷേപം പരിശോധിച്ചു വരുന്നു. പ്രസ്തുത കേസുകളുടെ അന്വേഷണത്തിൽ, പോലീസിന്റെ ഭാഗത്തു നിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടോ എന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനായി ക്രമസമാധാനപാലന ചുമതലയുള്ള പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസിൽ പ്രതികളെ രക്ഷപ്പെടുത്താനായി ഒത്തുകളിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | വാളയാർ കേസിലെ അന്വേഷണ വീഴ്ചയെ തുടർന്ന് കേസിൽ ആദ്യ അന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസ് സബ് ഇൻസ്പെക്ടറെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തുകൊണ്ട് അച്ചടക്കനടപടി സ്വീകരിക്കുകയും സർക്കിൾ ഇൻസ്പെക്ടർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. കേസ് അന്വേഷണത്തിന് അന്ന് മേൽനോട്ട ചുമതലയുണ്ടായിരുന്ന ഡി.വൈ.എസ്.പി. യുടെ വിശദീകരണവും തേടിയിരുന്നു. ഈ സംഭവത്തിൽ പാലക്കാട് അസിസ്റ്റന്റ് പോലീസ് സൂപ്രണ്ടായിരുന്ന ജി. പൂങ്കുഴലി ഐ.പി.എസ്. ന്റെ മേൽ നോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചാണ് അന്വേഷണം പൂർത്തിയാക്കിയത്.<br><br>പോലീസിന്റേയും പ്രോസിക്യൂഷന്റേയും ഭാഗത്ത് കേസ് കൈകാര്യം ചെയ്തതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന ആക്ഷേപം പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേസിലെ പ്രതികളുടെ രാഷ്ട്രീയ ബന്ധം കാരണമാണ് അവരെ രക്ഷിക്കാൻ പോലീസ് പരിശ്രമിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | അന്വേഷണത്തിൽ എന്തെങ്കിലും പാളിച്ചകൾ പറ്റിയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിനായി ക്രമസമാധാന ചുമതലയുള്ള പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | വാളയാറിൽ രണ്ടു പെൺകുട്ടികൾ ക്രൂരപീഡനത്തിന് വിധേയമായതിനെ ത്തുടർന്ന് ദുരൂഹ സാഹചര്യത്തിൽ മരണമടഞ്ഞ കേസിൽ ഇവരുടെ കുടുംബത്തിന് നീതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിലെ പ്രതികളെ വെറുതെവിട്ട ബഹു. കോടതി ഉത്തരവിനെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ